UN Information Centre
New Delhi

# അഖിലേന്ത്യാ പ്രബന്ധരചനാ സംരംഭം - 2010

**യുവാക്കൾക്കായുള്ള ക്ഷണം**

ഈ വർഷം, യുവാക്കളുടെ അന്തർദേശീയവർഷമായി ഐക്യരാഷ്ട്രസഭ കൊണ്ടാടുന്നതിനോടനുബന്ധിച്ച് ശ്രീ രാം ചന്ദ്ര മിഷൻ, യു.എൻ. ഇൻഫർമേഷൻ സെന്റർ-ഇന്ത്യ, ഭൂട്ടാനുമായി ചേർന്ന് അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രബന്ധരചനാ സംരംഭം 2010 നടത്തുന്നതായിരിക്കും.

യുവാക്കളായ നിങ്ങൾക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള ഈ വർഷം, താഴെകൊടുത്തിട്ടുള്ള വിഷയങ്ങളിൽ നിങ്ങളുടെ അഭിപ്രായങ്ങളും വീക്ഷണങ്ങളും പ്രകടിപ്പിക്കാനായി സാദരം ക്ഷണിച്ചുകൊള്ളുന്നു. ഈ സംരംഭം ആത്മപരിശോധനയ്ക്കും സ്വയം നിർണ്ണയത്തിനും നിങ്ങൾക്ക് അവസരമൊരുക്കാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

**വിഷയങ്ങൾ**

**അഖിലേന്ത്യാ പ്രബന്ധരചനാ സംരംഭം 2010 ന്റെ പ്രമേയം : യൗവനം: പ്രത്യാശയുടേയും പ്രയത്നത്തിന്റെയും കാലഘട്ടം**

**വിഭാഗം 1 (6 മുതൽ 9 വരെയുള്ള ക്ലാസുകൾക്ക്) :സ്വഭാവം ജീവിതത്തെ സംരക്ഷിക്കും (750 വാക്കുകളിൽ കവിയരുത്)**

**പരിഗണിക്കേണ്ട കാര്യങ്ങൾ**

- “സ്വഭാവം, ഒരാൾ തിരഞ്ഞെടുക്കുന്നതിന്റെ ആകെത്തുകയാണ്” എന്ന് ഫിറ്റ്സ്വാട്ടർ ഒരിക്കൽ പറഞ്ഞു. അപ്പോൾ, ശരിയായത് തിരഞ്ഞെടുക്കുവാനുള്ള വിശ്വസനീയമായ വഴിയേതാണ്?
- ശരിയും തെറ്റും തിരഞ്ഞെടുക്കുവാനുള്ള ഒരുവന്റെ കഴിവിൽ ഇടപെടാനാവുന്നവിധത്തിലുള്ള പ്രലോഭനങ്ങൾ നിറഞ്ഞ ഒരു കാലഘട്ടമാണ് യൗവനം. സ്വഭാവമാകട്ടെ, ഈ പ്രലോഭനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി യുവാക്കൾ നിർമ്മിക്കേണ്ട മതിലും.

**വിഭാഗം 2 (10 മുതൽ 12 വരെയുള്ള ക്ലാസുകൾക്ക്) : സ്വാതന്ത്ര്യമെന്നാൽ ദുർവിനിയോഗത്തിനുള്ള അനുമതിപത്രമല്ല, അവനവന് ശരിയായത് തിരഞ്ഞെടുക്കുവാനുള്ള വിവേകമാണ്. (ആയിരം വാക്കുകളിൽ കവിയരുത്)**

**പരിഗണിക്കേണ്ട കാര്യങ്ങൾ**

- തലമുറകൾ തമ്മിലുള്ള അന്തരത്തിന് കാരണഭൂതമായി, കാലാകാലങ്ങളായി പലപ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു വാക്കാണ് സ്വാതന്ത്ര്യം. പലപ്പോഴും നിയന്ത്രണത്തിന്റേയും മാർഗനിർദ്ദേശത്തിന്റേയും പ്രാധാന്യം വിലകുറച്ചു കണ്ടുകൊണ്ട് കാലാന്തരങ്ങളായി യുവാക്കൾ സ്വാതന്ത്ര്യദുർവിനിയോഗത്തിലൂടെ തങ്ങളുടെ ലക്ഷ്യസാക്ഷാത്ക്കാരലബ്ധിക്കുവേണ്ടിയുള്ള മാറ്റത്തിനായി മുറവിളി കൂട്ടുന്നതായി കാണുന്നു.
- ഉത്തരവാദിത്വങ്ങൾ ഒഴിവാക്കിക്കൊണ്ട് സ്വാതന്ത്ര്യത്തെ വിലയിരുത്താനാവുമോ? തന്നോടുതന്നെയുള്ള ഉത്തരവാദിത്തത്തിന്റെ കാഴ്ചപ്പാടിൽ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥപൊരുളെന്താണ്?

**വിഭാഗം 3 : (ബിരുദം / ബിരുദാനന്തരബിരുദം) : അഭിലാഷതലത്തിൽ നിന്ന് ഉത്കർഷേച്ഛയിലേക്ക്; നേടുക എന്നതിൽ നിന്ന് പരിണമിക്കുക എന്ന അവസ്ഥയിലേക്ക്**

**പരിഗണിക്കേണ്ട കാര്യങ്ങൾ**

- അഭിലാഷവും (ambition) നേടിയെടുക്കലും, ഭൗതികതയിൽ മുങ്ങിയ ജീവിതത്തിന്റെ മുഖമുദ്രയായി ഉയർത്തിപ്പിടിക്കുകയാണ് ഇന്ന്. ജീവിതവിജയത്തിന് ഒഴിച്ചുകൂടാനാവാത്ത ഘടകമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇവയുടെ അതിപ്രസരത്താൽ ഉൽക്കർഷേച്ഛയുടെ (aspiration) വൈശിഷ്ട്യം നമ്മുടെ യുവാക്കളുടെ മനസ്സിൽ നിന്നും എന്നോ മായ്ക്കപ്പെട്ടുകഴിഞ്ഞു.
- നേടിയെടുക്കുന്നതിനും ആയിത്തീരുന്നതിനും, സൂക്ഷ്മവും ഉറച്ചതുമായ ഇച്ഛ ആവശ്യമാണ്. എന്നാൽ ഉത്ക്കർഷേച്ഛ ശ്രേഷ്ഠതയ്ക്ക് സാധാരണവിജയത്തിനെക്കാൾ പ്രാമുഖ്യം കൊടുക്കുന്നു.
- അഭിലാഷവും ഉൽകർഷേച്ഛയും ആത്മാവിന്റെ വിരുദ്ധതലത്തിലുള്ള പ്രകടിതരൂപമാണെന്ന് വിലയിരുത്താമോ? ഇതിലേതാണ് മനുഷ്യചേതനയെ നിർവചിക്കുന്നത് ?

**അംഗീകരണം**

ദേശീയ, പ്രാദേശിക, സ്കൂൾ തലങ്ങളിൽ സമ്മാനങ്ങൾ നൽകപ്പെടും.

**നിബന്ധനകൾ**

- ഒരു സ്ഥാപനത്തിലെ തത്പരരായ വിദ്യാർത്ഥികൾ തങ്ങളുടെ രചന ആഗസ്റ്റ് 31, 2010 ന് സ്കൂൾ അധികൃതരെ ഏൽപ്പിക്കണം. ഓരോ വിഭാഗത്തിൽ നിന്നും ഏറ്റവും നല്ല അഞ്ച് പ്രബന്ധങ്ങൾ സെപ്തംബർ 20, 2010 ന് മുമ്പായി പങ്കെടുത്ത എല്ലാവരുടേയും പേര്, ക്ലാസ് തുടങ്ങിയ വിവരസഹിതം മിഷൻ പ്രതിനിധിയെ സ്കൂൾ അധികൃതർ ഏൽപ്പിക്കണം.
- A4 സൈസ് പേപ്പറിൽ, കറുപ്പ് / നീല മഷി ഉപയോഗിച്ച് വേണം എഴുതുവാൻ. പ്രബന്ധങ്ങളിൽ മാർക്ക് രേഖപ്പെടുത്തരുത്. കാര്യങ്ങൾ വിശദീകരിക്കാനായി വിദ്യാർത്ഥികൾ ചിത്രങ്ങളുപയോഗിക്കാൻ പാടുള്ളതല്ല.
- എഴുതേണ്ട വിഷയത്തിനെപ്പറ്റി കൂടുതൽ വായിക്കുവാനും ഗവേഷണം നടത്തുവാനും വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യമുണ്ട്. സ്വയം തയ്യാറാക്കിയതായിരിക്കണം പ്രബന്ധങ്ങൾ. അതിലുൾപ്പെടുന്ന കുറിപ്പുകളുടെയും ഉദ്ധരണികളുടെയും ഉറവിടം വ്യക്തമാക്കണം.



INTERNATIONAL YEAR OF YOUTH
AUGUST 2010-2011
OUR YEAR OUR VOICE